"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്ത് ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണങ്ങൾ - പരിഷ്കരിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

---

ദുരന്ത നിവാരണ (എ) വകുപ്പ്

സ.ഉ.(സാധാ) നം.799/2021/DMD തീയതി,തിരുവനന്തപുരം, 01/12/2021

---

പരാമർശം:- 1. സ.ഉ(സാധാ)നം.4485/2021/പൊ.വി.വ തീയതി 08.10.2021.
2. സ.ഉ(സാധാ)നം.669/2021/ഡി.എം.ഡി തീയതി 04.08.2021.

**ഉത്തരവ്**

പരാമർശിത ഉത്തരവുകളുടെ തുടർച്ചയായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി ചെയർമാൻ എന്ന നിലയിൽ ദുരന്ത നിവാരണ നിയമം 2005 സെക്ഷൻ 20(3) പ്രകാരം നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് ബന്ധപ്പെട്ട അധികാരികൾ കർശനമായി നടപ്പിലാക്കുന്നതിനായി താഴെപ്പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് ഉത്തരവാകുന്നു.

1. ഭിന്ന ശേഷിക്കാർക്കായുള്ള സ്പെഷ്യൽ സ്കൂളുകളും അതിനോടനുബന്ധിച്ചുള്ള ഹോസ്റ്റലുകളും നിലവിൽ പൊതു വിദ്യാലയങ്ങൾക്ക് ബാധകമായ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് തുറന്ന് പ്രവർത്തിക്കാവുന്നതാണ്. കൂടാതെ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കൂളുകളിൽ പോയി പഠിക്കാനും അനുമതി നൽകാവുന്നതാണ്.

2. വാക്സിൻ എടുക്കാൻ അർഹമായവരിൽ ഇതുവരെയും വാക്സിൻ സ്വീകരിക്കാത്തവർ ഓഫീസുകളിലും സ്കൂളുകളിലും മറ്റ് പൊതുഇടങ്ങളിലും ഇടപെടുമ്പോൾ രോഗവ്യാപന സാധ്യത കൂടുതലാണ്. അതിനാൽ നിലവിൽ വാക്സിൻ സ്വീകരിക്കാത്ത അദ്ധ്യാപകർ, പൊതു ജനസമ്പർക്കമുള്ള ഓഫീസുകളിലും മറ്റും ജോലി ചെയ്യുന്നവർ എന്നിവരിൽ രോഗങ്ങൾ, അലർജി മുതലായ ശാരീരിക പ്രശ്നങ്ങൾ ഉള്ളവർ സർക്കാർ ഡോക്ടറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. കോവിഡ് ബാധിച്ചതിനാൽ വാക്സിൻ സ്വീകരിക്കാൻ സാധിക്കാത്തവർ മൂന്നു

മാസത്തിനിടയ്ക്ക് കോവിഡ് വന്ന ടെസ്റ്റ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. ഈ വിഭാഗങ്ങളിൽപ്പെട്ടുന്നില്ലെങ്കിൽ എല്ലാവരും വാക്സിൻ സ്വീകരിച്ച് ഹാജരാവുകയോ ആഴ്ച തോറും സ്വന്തം ചിലവിൽ ആർടിപിസിആർ പരിശോധന നടത്തി ഫലം സമർപ്പിക്കുകയോ ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര, വിജിലൻസ് വകുപ്പ്
അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂവും ദുരന്ത നിവാരണവും വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ വകുപ്പ്
എല്ലാ ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും
കമ്മീഷണർ,ലാൻഡ് റവന്യൂ, തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ വകുപ്പ് തലവൻമാർക്കും
പൊതു വിദ്യാഭ്യാസ വകുപ്പ്
ഉന്നത വിദ്യാഭ്യാസ വകുപ്പ്
സാമൂഹ്യ നീതി വകുപ്പ്
മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി
എല്ലാ അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്കും/ പൊതുമേഖലാ സ്ഥാപനങ്ങൾക്കും
വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ